# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 229 — 19.12.2012-ലെ മറുപടിക്ക്

### സംസ്ഥാനത്തെ സർക്കാർ- സ്വകാര്യ മേഖലയിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ.കെ. നാരായണൻ<br>ഡോ. കെ.ടി. ജലീൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ മേഖലയിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ മേഖലയിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നടപടികൾ എടുക്കുന്നുണ്ട്. എല്ലാ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിലുള്ള ഓരോ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ നിലവിലുള്ള 3 സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടേയും പ്രവർത്തനം വിലയിരുത്തുകയും കാലാകാലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മാനസികരോഗ ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിലേക്ക് സൈക്യാട്രി ഇൻസ്പെക്റ്റിംഗ് ആഫീസർമാരെയും ജില്ലാ ഡെപ്യൂട്ടി മെഡിക്കൽ ആഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. അവർ സമർപ്പിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങളിലും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനരീതിയും വിലയിരുത്തിയതിന് ശേഷമാണ് ലൈസൻസ് നൽകുന്നത്. |

ബി) മർദ്ദനമേറ്റ് ബീഹാർ സ്വദേശി മരിക്കാനിടയായ സംഭവത്തിൽ മറ്റന്തേവാസികളുടേയും ആശുപത്രി ജീവനക്കാരുടേയും പങ്ക് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ പശ്ചാത്തലത്തിൽ എന്തെങ്കിലും തിരുത്തൽ നടപടി എടുത്തിട്ടുണ്ടോ;

ബി) പരിശോധിച്ചിട്ടുണ്ട്. തിരുത്തൽ നടപടികൾ എടുത്തിട്ടുണ്ട്. ബീഹാർ സ്വദേശി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ മരിക്കാനിടയായ സംഭവത്തെപ്പറ്റി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ, ക്രൈംബ്രാഞ്ച് പോലീസ്, സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സെക്രട്ടറി എന്നീ തലങ്ങളിൽ പ്രത്യേകം പ്രത്യേകം അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ നാല് ജീവനക്കാർ ഇപ്പോൾ സസ്പെൻഷനിലാണ്. കൂടാതെ ടി സെന്ററിലെ 6-ാം വാർഡിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന താൽക്കാലിക ജയിൽ ജീവനക്കാരന്റെ സേവനവും അവസാനിപ്പിച്ചിട്ടുണ്ട്. കോടതിയിൽ സമർപ്പിക്കപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണറിപ്പോർട്ട് പ്രകാരം മേൽപറഞ്ഞ ജയിൽ ജീവനക്കാരനും തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു സ്ഥിരം ജീവനക്കാരനും കുറ്റക്കാരെന്ന് കണ്ടെത്തി പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

കൂടാതെ മേൽ സ്ഥാപനത്തിലെ നാല് അന്തേവാസികളും പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

ഈ സംഭവത്തെ തുടർന്ന് ബഹു: ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് വിളിച്ച് കൂട്ടുകയും ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ഇതിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാർക്കുവേണ്ടി മനോരോഗികളുടെ മനുഷ്യാവകാശങ്ങൾ ഹനിക്കാതെ അവരോട് എങ്ങനെ പെരുമാറണമെന്ന വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. വർഷത്തിൽ രണ്ടു തവണയെങ്കിലും ഇത്തരം

ബോധവൽക്കരണ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ ഓരോ മാനസികാരോഗ്യ കേന്ദ്രത്തിനും പ്രത്യേകമായി രൂപപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി നാല് അസിസ്റ്റന്റ് സർജൻമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 11 സ്റ്റാഫ് നഴ്സുമാരെ എൻ.ആർ. എച്ച്.എം. വഴിയും നിയമിച്ചിട്ടുണ്ട്. 10 സെക്യൂരിറ്റി ജീവനക്കാരെ എച്ച്.ഡി.സി വഴി ഉടൻ നിയമിക്കുന്നതാണ് ഫോറൻസിക് വാർഡിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 20 ലക്ഷം രൂപ ഈ ഇനത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിനെയാണ് ഈ വർക്ക് ഏല്പിച്ചിരിക്കുന്നത്. 2 മാസത്തിനുള്ളിൽ ഈ സംവിധാനം പ്രവർത്തനക്ഷമമാകുന്നതാണ്. നിലവിലുള്ള മാനസികാരോഗ്യ നയം പുനപരിശോധിക്കുവാനും പരിഷ്കരിച്ച മാനസികാരോഗ്യ നയം രൂപപ്പെടുത്തുന്നതിനുമായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി യോഗം ചേർന്ന് നയത്തിൽ ഉൾക്കൊണ്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ബഹു. ഹൈക്കോടതി ജഡ്ജിയുമായി ചർച്ച ചെയ്ത് കരട് നയത്തിന് രൂപം നൽകി വരുന്നു.

(സി) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തൊക്കെ നിയമങ്ങളാണുള്ളതെന്നും അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നും വിശദമാക്കാമോ:

സി) 1987 ലെ മെന്റൽ ഹെൽത്ത് ആക്റ്റ്, 1990 -ലെ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് എന്നീ നിയമങ്ങളാണ് കേരളത്തിൽ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ളത്.

കൂടാതെ മെന്റൽ ഹെൽത്ത് ആക്റ്റ് - 1987 -ലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതികൾ കണക്കിലെടുത്ത് രൂപീകരിച്ച കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012 കേന്ദ്ര സർക്കാർ

അംഗീകരിച്ചിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് സംസ്ഥാന സർക്കാർ തലത്തിൽ ഔദ്യോഗിക വിജ്ഞാപനമായി കഴിഞ്ഞു. ഇതോടെ ഈ നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ഇതിന്റെ ഭാഗമായി സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളെ വിശദമായ പരിശോധനകൾക്ക് വിധേയമാക്കി ലൈസൻസ് നൽകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | |
|---|---|
| ഡി) സംസ്ഥാനത്ത് മാനസിക രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതും അതിനിടയാക്കുന്ന കാരണങ്ങൾ സംബന്ധിച്ചും ഇതിനകം ശേഖരിക്കപ്പെട്ട വിശദാംശങ്ങളോട്കൂടി വ്യക്തമാക്കുമോ? | ഡി) ഇത്തരം ശാസ്ത്രീയ പഠനങ്ങളൊന്നും സർക്കാർ തലത്തിൽ നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ